**"ഭരണഭാഷ- മാതൃഭാഷ"**

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. എം.എ. തോമസിന് ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.361/2023/F&WLD

തീയതി,തിരുവനന്തപുരം, 26-09-2023.

---

പരാമർശം:-

1. ശ്രീ. എം.എ. തോമസ് സമർപ്പിച്ച 25.08.2022 ലെ അപേക്ഷ.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28.02.2023, 21.08.2023 തീയതികളിലെ ഇ8-1345/2023 നമ്പർ കത്തുകൾ.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ നോർത്ത് വയനാട് ഡിവിഷൻ മാനന്തവാടി റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. എം.എ. തോമസ്, മാനന്തവാടി റേഞ്ചിന്റെ കീഴിലുള്ള മക്കിയാട് സ്റ്റേഷനിലെ പെരടശ്ശേരി വനഭാഗത്ത് കാട്ടുതീ അണയ്ക്കുന്നതിനിടയിൽ പാറക്കെട്ടിന്റെ മുകളിൽ നിന്നും വീണ് വലതു കൈയിൽ പരിക്കേറ്റ് ശസ്ത്രക്രിയയ്ക്ക് വിധേയനായതിനെ തുടർന്ന് ടിയാന് ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നിർവ്വഹിക്കുന്നതിന് സാധിക്കുന്നില്ലെന്നും ആയതിനാൽ ശാരീരികാവശതകൾ പരിഗണിച്ച് തസ്തികമാറ്റം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് മെഡിക്കൽ രേഖകൾ സഹിതം പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. ശാരീരിക വൈഷമ്യങ്ങൾ മൂലം ടിയാന് നിലവിലെ ജോലിയിൽ കായികാദ്ധ്വാനം ആവശ്യമായ ജോലികൾ ചെയ്യുന്നതിൽ ശാരീരികമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്നും ആയതിനാൽ ടിയാന്റെ തസ്തികമാറ്റത്തിനുള്ള അപേക്ഷ അനുഭാവപൂർവം പരിഗണിക്കണമെന്നും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ടിയാന് 25% ഡിസെബിലിറ്റി സംഭവിച്ചിട്ടുണ്ടെന്ന് വയനാട് ജില്ലാ മെഡിക്കൽ ബോർഡ് സർട്ടിഫൈ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ.എം.എ തോമസിന്, The Rights of Persons with Disabilities Act-2016 സെക്ഷൻ 20(4) ന്റെ ആനുകൂല്യം നൽകി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിലവിലെ ശമ്പളം സംരക്ഷിച്ചു കൊണ്ട്, ക്ലർക്ക് തസ്തികയിലെ ടിയാന്റെ സീനിയോറിറ്റി ഈ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതലേ പ്രാബല്യത്തിൽ വരികയുള്ളൂ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തിക മാറ്റം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ. എം.എ. തോമസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

സ.ഉ.(സാധാ) നം.361/2023/F&WLD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ),കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (17.06.2023 ലെ 2413593/അഗ്രി-എ2/70/2023-ധന പ്രകാരം).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 26-09-2023 13:01:56
സെക്ഷൻ ഓഫീസർ.